പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1243 — 03.12.2018-ൽ മറുപടിക്ക്

## ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസ്സേജ്

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി

(എ) ദേശീയപാതയിൽ, ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസ്സേജ് നിർമ്മാണം മാസങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിക്കാതെ അപകടാവസ്ഥയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനും പണി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) & (ബി) ദേശീയപാതയിൽ, ചാലക്കുടി കോടതി ജംഗ്ഷനിൽ നടന്നു വരുന്ന വെഹിക്കുലാർ അണ്ടർ പാസ്സേജ് നിർമ്മാണത്തിന്റെ വേഗത കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയപാത അതോറിറ്റിയാണ്. സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ല. ബഹു.എം.എൽ.എ ശ്രീ.ബി.ഡി.ദേവസ്സി ആവശ്യപ്പെട്ടതനുസരിച്ച് ദേശീയപാത അതോറിറ്റിയുടെ ഉദ്യോഗസ്ഥരേയും കരാർ കമ്പനിയേയും വിളിച്ചുചേർത്ത് പ്രവൃത്തി വേഗത്തിൽ തീർക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബന്ധപ്പെട്ട നിർമ്മാണക്കമ്പനി അണ്ടർ പാസ്സേജിന്റെ നിർമ്മാണത്തിനായുള്ള പരിഷ്കരിച്ച പ്രോഗ്രാം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതു പ്രകാരം 2019 മേയ് മാസം 31-ാം തീയതി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

S. Bindu
സെക്ഷൻ ഓഫീസർ